## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.83 — 06.01.2014 ൽ മറുപടിയ്ക്ക്

## കസ്തൂരിരംഗൻ റിപ്പോർട്ട് സംബന്ധിച്ച പഠനം

ചോദ്യം

ശ്രീ.എ.എ.അസീസ്
ശ്രീ.കോവൂർ കുഞ്ഞുമോൻ

ഉത്തരം

ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

(എ) കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പിലാക്കിയാൽ കേരളത്തെ പ്രതികൂലമായി ബാധിക്കുന്നതെങ്ങനെയാണെന്ന് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ;

(എ) പരിസ്ഥിതിലോല പ്രദേശങ്ങൾ നിർണ്ണയിക്കുന്നതിന് പൊതുവിൽ സ്വീകരിച്ച മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ലാത്തതിനാൽ, ഒഴിവാക്കപ്പെടേണ്ട ജനാധിവാസ മേഖലകൾ, തോട്ടങ്ങൾ, പ്ലാന്റേഷനുകൾ എന്നിവ കേരളത്തിലെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇക്കാര്യം പഠിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ ഒരു വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. സമിതി 03.01.2014 ൽ റിപ്പോർട്ട് സമർപ്പിച്ചു.

(ബി) കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പിലാക്കുന്നത് സംബന്ധിച്ച് നയം വ്യക്തമാക്കുമോ?

(ബി) കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കുന്നതിലെ സംസ്ഥാന സർക്കാരിന്റെ നയം 21.10.2013 ൽ നടന്ന സർവ്വകക്ഷി യോഗത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യക്തമാക്കിയിട്ടുണ്ട്. പ്രായോഗിക പരിസ്ഥിതി സംരക്ഷണത്തിന് സംസ്ഥാനം എതിരല്ലെന്നും പശ്ചിമഘട്ടം സംരക്ഷിക്കപ്പെടേണ്ടത് സംസ്ഥാനത്തിന്റെ നിലനില്പിന് ആവശ്യവുമാണ് എന്നാൽ കസ്തൂരിരംഗൻ കമ്മിറ്റി ശുപാർശകളിൽ സംസ്ഥാനത്തിന്റെ താൽപ്പര്യത്തിനെതിരായവയും ജനങ്ങളിൽ ആശങ്കകൾ ഉളവാക്കുന്നവയുമായവ ഒഴിവാക്കപ്പെടണമെന്നാണ് സർക്കാർ നിലപാട്. ജനങ്ങളെ പരിഗണിക്കാതെയുള്ള ഒരു നയവും സർക്കാരിനില്ല. എന്നാൽ വരും തലമുറകളുടെ ആവശ്യം കൂടി കണക്കിലെടുത്ത് ചില നിയന്ത്രണങ്ങൾ ആവശ്യവുമാണ്.

(ഒപ്പ്)
സെക്ഷൻ ഓഫീസർ